# വിവാഹം



**_ക്നാനായ കാത്തലിക് മിഷൻ_**
**_ചിക്കാഗോ_**

*(For private use only)*

# KNANAYA WEDDING

Marriage is a sacrament that involves an invitation for two people to a new stage in life. It involves mutual, self-giving love that reflects Christ's love for his bride, the Church. Married life is a vocation requiring special grace that is conferred through the sacrament of Holy Matrimony. This grace is intended to perfect the couple's love and to strengthen their indissoluble unity. The marriage bond has been established by God himself in such a way that marriage consummated can never be dissolved.

In the tradition of the Syro-Malabar Church and the Knanaya Community, the marriage service has some special components:

### *1. Tying of the Thaali (Minnu)*

Knanaya thaali is in the shape of a banyan leaf which in its turn resembles heart which is the eternal and universal symbol of love. The cross on the thaali is made with 21 small balls. This 21 is the result of the multiplication of three with seven, i.e., three persons of the trinity and seven sacraments. The threads for thaali are taken from the "Mantrakodi." Seven pieces of threads are taken and they are folded into three. These three and seven have the above said significance. The bridegroom tie the thaali on the neck of the bride. This kind of knot is known as male knot (Aankettu) symbolizing the stability of marriage. *Every woman considers the Thaali to be the most prestigious token of love offered to her by her husband during the ceremony.*

### *2.* Blessing of the Manthrakodi

The groom covers the head of the bride with the Manthrakodi, a garment of prayers, which is given to the bride by the groom's family. The gift symbolizes the Lord giving glory to His Church. It also acts as a special symbol of protection and acceptance of the bride into the new family.

### 3. Barumariam Song

Barumariyam is a Syriac song sung by the priests just after the Wedding and Holy Mass. The priests pray for the new couples to Jesus, the son of Mary and bless them in the name of Jesus. Barumariyam in Syriac means son of Mary, i.e., Jesus. The same song is sung by the Chaldeans on the important feasts like Easter and Christmas.



*പ്രാപിക്കട്ടെ. നിങ്ങളുടെ ജീവിതം അവിടുന്നു ഐശ്വര്യപൂർണ്ണമാക്കുകയും നിങ്ങളുടെ ആശകളും പ്രതീക്ഷകളും അവിടുന്നു സഫലമാക്കുകയും ചെയ്യട്ടെ. ആവശ്യനേരത്തു സഹായിക്കുവാൻ നിരവധി ആത്മാർത്ഥ സുഹൃത്തുക്കളെ ദൈവം നിങ്ങൾക്കു പ്രദാനം ചെയ്യട്ടെ. സ്വർഗീയ മണവറയിൽ അവിടുത്തേക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും സമർപ്പിക്കുവാൻ നിങ്ങൽ യോഗ്യരാകട്ടെ. നവദമ്പതിമാരായ നിങ്ങളെയും ഈ തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന എല്ലാവരേയും ദൈവം ആശീർവദിക്കട്ടെ. ഇപ്പോഴും എപ്പോഴും + എന്നേക്കും.*

**സമൂ:** *ആമ്മേൻ*

*(കുർബാന ചൊല്ലിയെങ്കിൽ കാർമ്മികൻ "വിശുദ്ധീകരണത്തിൻെറ ബലിപീഠമേ സ്വസ്തി ..." എന്നുതുടങ്ങുന്ന പ്രാർത്ഥകൂടി ചോല്ലുന്നു).*

## .ബറുമറിയം

ബറുമറിയം ബറുമറിയം
ബറ് ആലാഹാ ദ്‌യെൽദസ് മറിയം

ഹാവീ കൗവ്ക്ക്വേ ബറുമറിയം
അക്നീ വിയൂസാ ബറുമറിയം

കന്തെശ് മയ്യാ ബറുമറിയം
ബ് മാമ്മോദീസേ ബറുമറിയം

ഏകൽ പെസഹാ ബറുമറിയം
അംതൽ മീദാവ് ബറുമറിയം

ശന്തർ റൂഹാ ബറുമറിയം
പാറേക്ക് ലേത്താ ബറുമറിയം

ശൂഹാ ലശ്മാക് ബറുമറിയം
മിൻകോൽ പൂമീൻ ബറുമറിയം

ല്ലാലം ആൽമീൻ ബറുമറിയം
ആമ്മേനുവാമ്മേൻ ബറുമാറിയം

*(കാർമ്മികൻ നവദമ്പതിമാരെ ആശീവ്വദിക്കുകയും വിശുദ്ധ ജലം തളിക്കുകയും ചെയ്യുന്നു).*

*-oOo-*

മാനസികവും ശാരീരികവുമായ ആരോഗ്യവും ഭൗതികമായ സുസ്ഥിതിയും അവിടുന്നു നിങ്ങളിൽ ചൊരിയട്ടെ. ദൈവം നിങ്ങൾക്കു നല്കുന്ന മക്കളെ സന്തോഷപൂർവ്വം സ്വീകരിക്കുന്നതിനും അവരെ വിശുദ്ധിയുടെ മാർഗത്തിൽ നയിക്കുന്നതിനും അവിടുന്നു നിങ്ങളെ സഹായിക്കട്ടെ. അവിടുത്തേക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ നിങ്ങളെ അവിടുന്ന് യോഗ്യരാക്കുകയും ചെയ്യട്ടെ.

**സമൂ:** ആമ്മേൻ.

*കുർബാനയുണ്ടെങ്കിൽ (കാഴ്ചവയ്പിൻെറ ഗാനത്തോടെ) ദിവ്യരഹസ്യഗീതത്തോടുകൂടി കുർബാന തുടരുന്നു.*

*(Presentation of bouquet to the B. V. Mary after Holy Communion).*

### *സമാപന പ്രാർത്ഥനകൾ*

**കാർമ്മി:** *ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ ദമ്പതിമാരുടെമേൽ അങ്ങയുടെ കാരുണ്യത്തിൻെറ വലംകൈ നീട്ടണമേ. അങ്ങയുടെ സംരക്ഷണത്തിൻെറ തണലിൽ ഇവരെ കാത്തുകൊള്ളണമേ. അബ്രാഹത്തെയും സാറായെയും അനുഗ്രഹിച്ച ദൈവമേ, അഭേദ്യമായ ഐക്യത്തിൽ ഇവരെ ഒന്നിപ്പിച്ച പരിപാലനത്തിന് ഞങ്ങൾ നന്ദിപറയുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.*

**സമൂ:** *ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ.*

**കാർമ്മി:** *കർത്താവായ മിശിഹായേ, ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിൻെറയും തിരുക്കുടുംബത്തിൻെറ നായകനായ മാർ യൗസേപ്പിൻെറയും മാദ്ധ്യസ്ഥ്യം ഇവരുടെ കുടുംബജീവിതത്തെ ഐശ്വര്യപൂർണ്ണമാക്കട്ടെ. സകല വിശുദ്ധരുടെയും പ്രാർത്ഥന ഇവരെ സഹായിക്കുകയും ചെയ്യട്ടെ. സകലത്തിൻെറയും നാഥാ എന്നേക്കും.*

**സമൂ:** *ആമ്മേൻ.*

**കാർമ്മി:** *അനന്തമായ സ്നേഹത്താൽ പുരുഷനും സ്ത്രീയുമായി മനുഷ്യരെ സൃഷ്ടിക്കുകയും സൃഷ്ടികർമ്മത്തിൽ അവരെ പങ്കാളികളാക്കുകയും ചെയ്ത കാരുണ്യവനായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. വിവാഹമെന്ന കൂദാശയാൽ, നിർമ്മലമായ സ്നേഹത്തിലും നിസ്വാർത്ഥമായ ആത്മസമർപ്പണത്തിലും അവിടുന്നു നിങ്ങളെ കാത്തുപരിപാലിക്കട്ടെ. മിശിഹായുടെ അവയവങ്ങളും പരിശുദ്ധാത്മാവിൻെറ ആലയങ്ങളുമായ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും പ്രീതികരവുമായ സജീവബലിയായി ദൈവത്തിനു സമർപ്പിക്കുവാൻ ഈ കൂദാശ നിങ്ങളെ ശക്തരാക്കട്ടെ. സന്താനസൗഭാഗ്യം നല്കി ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. പ്രാർത്ഥനയുടെ കൂട്ടായ്മയിൽ നിങ്ങളുടെ കുടുംബം അഭിവൃദ്ധി*



# വിവാഹം

*(ഒരുക്കങ്ങൾ: താലി, മന്ത്രകോടി, മോതിരം, ജപമാല, തിരി, തീപ്പെട്ടി, ബൈബിൾ, സാക്ഷികൾ)*

### പ്രാരംഭ ഗീതം

മാലാഖമാർ പാടുന്ന സമയം
സ്വർഗം തുറക്കുന്ന സമയം
ഏദേൻ കുടുംബത്തിൽ കർത്താവാം ദൈവം
അനുഗ്രഹം ചൊരിയുന്ന സമയം.

ഇസ്രായേലിൻ പ്രിയജനമായി
ആദിയിൽ ഉടമ്പടി ചെയ്തു ഞാൻ
ജീവിതകാലം കൃപയോടെ വാഴാൻ
വിശ്വസ്തമാം ബലിയാകാം.

മാലാഖമാർ ....

തിരുസഭയിൽ നവഗേഹമായി
ക്രിസ്തുവിൽ ഉടമ്പടി ചെയ്തിടുമ്പോൾ
ദാമ്പത്യ വല്ലരി പൂവണിയാൻ
സ്നേഹത്തിൻ കൂദാശയാകാം

മാലാഖമാർ ...

*(ദിവ്യബലി ഉണ്ടെങ്കിൽ)*

**കാർമ്മി:**
അന്നാ പെസഹാ തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽ ചേർന്നീടാം
ഒരുമയോടീബലി അർപ്പിക്കാം.

**സമൂ:**
അനുരജ്ഞിതരായ് തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമൊടീയാഗം
തിരുമുമ്പാകെയണച്ചീടാം.

അന്നാ പെസഹാ ...

**കാർമ്മി:** അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഭൂമിയിൽ മനുഷ്യർക്കു സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / ***(സമൂഹവും ചേർന്ന്)*** അങ്ങയുടെ നാമം പൂജിതമാകണമേ / അങ്ങയുടെ രാജ്യം വരണമേ / അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ. / ഞങ്ങൾക്ക് ആവശ്യമായ ആഹാരം / ഇന്നു ഞങ്ങൾക്കു തരണമേ. / ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ / ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. / ഞങ്ങളേ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. / ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. / എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്ത്വവും എന്നേക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, / അങ്ങയുടെ മഹത്വത്താൽ / സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. / മാലാഖമാരും മനുഷ്യരും / അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ / എന്ന് ഉദ്ഘോഷിക്കുന്നു.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, വിവാഹത്താൽ ബന്ധിതരായി ഹൃദയൈക്യത്തിൽ ജീവിക്കുവാൻ ഈ ദാസരെ അങ്ങു വിളിച്ചുവല്ലോ. സ്വൈർഗ്ഗിയ വരങ്ങാളാൽ ഈ വധൂവരന്മാരെ സമ്പന്നരാക്കുകയും അങ്ങയുടെ കല്പനകൾ പാലിച്ച് മാതൃകാപരമായി ജീവിക്കുന്ന കുടുംബത്തിനു രൂപം നല്കുവാൻ ഇവരെ സഹായിക്കുകയും ചെയ്യണമേ. അങ്ങയുടെ മഹത്വത്തിനും മനുഷ്യകുലത്തിൻെറ നന്മയ്ക്കുംവേണ്ടി ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.



| | |
|---|---|
| അവനിയിലുന്നതമാം<br>അംബര വീധികളും<br>ഏദേൻ വനികയിലെ<br>ആദിമ ദമ്പതിമാർ<br><br>പുതിയ കുടുംബ ...<br><br>നവദമ്പതിമാരേ<br>ഭാവുകമരുളുന്നു<br>മജ്ഞുളവാണികളാൽ<br>മംഗളമണിയുന്നു.<br><br>പുതിയ കുടുംബ ... | യൗസേപ്പിതാവും കന്യാംബികയും<br>ഓമനസുതനാമീശോയും<br>കുടുംബമാം യാഗവേദിയിൽ<br>ആത്മാർപ്പണം ചെയ്തതുപോൽ<br>അർപ്പണം ചെയ്യാൻ കുടുംബമാകാൻ<br>ഭാവുകം നേരുന്നിതാ.<br><br>സദ്ഗുണവതിയാം സാറയുമോപ്പം<br>സൗഭാഗ്യവാനാം തോബിയാസും<br>പാവനമാം സ്നേഹവേദിയിൽ<br>ത്ങ്ങളിൽ ഒന്നായ് തീർന്നതുപോൽ<br>തുണയായ് ഇണയായ് സാക്ഷികളാകാൻ<br>ഭാവുകം നേരുന്നിതാ. |

*(നവദമ്പതിമാർ സുവിശേഷഗ്രന്ഥത്തിൽ വലത്തുകൈവച്ച്, കാർമ്മികൻ ചോല്ലിക്കോടുക്കുന്ന പ്രതിജ്ഞാവാചകം ഏറ്റുചൊല്ലുന്നു).*

**ഇന്നു മുതൽ മരണംവരെ / സന്തോഷത്തിലും ദുഃഖത്തിലും /**
**സമ്പത്തിലും ദാരിദ്ര്യത്തിലും /**
**ആരോഗ്യത്തിലും അനാരോഗ്യത്തിലും /**
**പരസ്പരസ്നേഹത്തോടും വിശ്വസ്തതയോടുംകൂടി /**
**ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് /**
**ഈ വിശുദ്ധ സുവിശേഷം സാക്ഷിയാക്കി /**
**ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. /**
**വാഗ്ദാനമനുസരിച്ച് ജീവിക്കുവാൻ /**
**സർവ്വശക്തനായ ദൈവം / ഞങ്ങളെ സഹായിക്കട്ടെ.**

*(Lighting of Unity Candle by the Bride and Bridegroom. Presentation of Roses to the Mothers).*

**ശുശ്രൂ:** സഹോദരരേ, നിങ്ങൾ തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുവിൻ.
*(നവദമ്പതിമാർ തലകുനിച്ച് ആശീർവ്വാദം സ്വീകരിക്കുന്നു).*

**കാർമ്മി:** *(വലത്തുകരം ദമ്പതിമാരുടെ ശിരസ്സിനുമീതേ നീട്ടി കമഴ്ത്തിപ്പിടിച്ചുകൊണ്ട്)* സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ആന്തരിക സൗന്ദര്യത്താലും പരിശുദ്ധാത്മാവിൻെറ വരങ്ങളാലും അവിടുന്ന് നിങ്ങളെ സമ്പന്നരാക്കട്ടെ. തിരുസഭയുടെ ശിരസ്സായ മിശിഹാ എപ്പോഴും നിങ്ങളുടെ ഭരണകർത്താവും സംരക്ഷകനുമായിരിക്കട്ടെ. ജീവിതത്തിലെ എല്ലാ പ്രവർത്തനങ്ങളിലും അവിടുന്നു നിങ്ങൾക്കു തുണയായിരിക്കട്ടെ.

## മോതിരം വെഞ്ചരിപ്പ്

**കാർമ്മി:** കർത്താവായ ദൈവമേ, ഈ ദമ്പതിമാരുടെ സ്നേഹത്തിന്റെയും വിശ്വസ്തതയുടെയും അടയാളമായി ഇവർ പരസ്പരം അണിയിക്കുന്ന ഈ മോതിരങ്ങൾ + ആശീർവ്വദിക്കണമേ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

*(കാർമ്മികൻ മോതിരങ്ങളിൽ വിശുദ്ധജലം തളിക്കുന്നു).*

## മന്ത്രകോടി വെഞ്ചരിപ്പ്

**കാർമ്മി:** കൃപാവരത്തിന്റെ അനശ്വരവസ്ത്രത്താൽ മനുഷ്യാത്മാവിനെ അലങ്കരിക്കുന്ന കാരുണ്യവാനായ കർത്താവേ, ഈ മന്ത്രകോടി + ആശിർവ്വദിക്കണമേ. പൂർണമായ ആത്മസമർപ്പണവും പരസ്പരസ്നേഹവുംവഴി നിന്നെ ധരിക്കുവാൻ ഈ ദമ്പതിമാരെ അനുഗ്രഹിക്കണമേ. നിന്റെ മണവാട്ടിയായ പരിശുദ്ധസഭയെ മഹത്ത്വത്തിന്റെ വസ്ത്രം ധരിപ്പിച്ച കർത്താവേ, ലോകത്തിൽ നിഷ്കളങ്കരായി ജീവിച്ച്, സ്വർഗ്ഗത്തിൽ മഹത്ത്വത്തിന്റെ വസ്ത്രമണിയുവാൻ ഇവരെ യോഗ്യരാക്കുകയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

*(കാർമ്മികൻ മന്ത്രകോടിയിൽ വിശുദ്ധജലം തളിക്കുന്നു.*
*താലി വരനെ ഏല്പിക്കുന്നു.*
*വരൻ അതു വധുവിന്റെ കഴുത്തിൽ കെട്ടുന്നു.*
*നവദമ്പതിമാർ പരസ്പരം മോതിരം അണിയിക്കുന്നു.*
*ജപമാല കാർമ്മികൻ രണ്ടുപേർക്കും നല്കുന്നു.*
*കാർമ്മികൻ മന്ത്രകോടി വരനെ ഏല്പിക്കുന്നു.*
*വരൻ അത് വധുവിന്റെ ശിരസ്സിൽ അണിയിക്കുന്നു.*
*തലി കെട്ടുമ്പോൾ താഴെക്കാണുന്ന ഗീതങ്ങളിൽ ഒന്ന് ആലപിക്കുന്നു).*

## ഗാനം

| | |
|---|---|
| പുതിയ കുടുംബത്തിൻ<br>കതിരുകളുയരുന്നു.<br>തിരുസഭ വിജയത്തിൽ<br>തൊടുകുറിയണിയുന്നു. | മംഗല്യ സൗഭാഗ്യമേകാൻ<br>മണ്ണിനെ വിണ്ണോടുചേർക്കാൻ<br>കല്യാണരൂപനാകും യേശുനാഥൻ<br>കരുണാവർഷം പൊഴിയുന്നു. |



## സങ്കീർത്തനം 45, 128

**കാർമ്മി:** എന്റെ പുത്രീ, ശ്രദ്ധിച്ചുകേൾക്കുക. / നിന്റെ ജനത്തെയും പിതൃഗൃഹത്തെയും നീ മറന്നുകളയുക. / (കാനോനാ) ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയെ, നീ സന്തോഷിക്കുക. / നിത്യനായ ദൈവം തന്റെ സ്നേഹം മൂലം / നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

**സമൂ:** രാജ പുത്രിയുടെ അഴകെല്ലാം ആന്തരികമാകുന്നു. / അവളുടെ മേലങ്കി പൊന്നുപൊതിഞ്ഞതാകുന്നു.

**കാർമ്മി:** വിലയേറിയ കാഴ്ചകളുമായി രാജാവിനെ അവൾ സന്ദർശിക്കും. / തോഴികളായ കന്യകമാർ അവളെ അനുഗമിക്കും.

**സമൂ:** അവർ ഉല്ലാസഭരിതരായി രാജകൊട്ടാരത്തിൽ പ്രവേശിക്കും. / എല്ലാ തലമുറകളും അവിടുത്തെ നാമം അനുസ്മരിക്കും.

**കാർമ്മി:** നിന്റെ ഭാര്യ നിന്റെ ഭവനത്തിൽ വിളഞ്ഞുകിടക്കുന്ന മുന്തിരിവള്ളിയാകും. / നിന്റെ മക്കൾ മേശക്കുചുറ്റും സൈത്തുമുളകൾപോലെയുമായിരിക്കും.

**സമൂ:** കർത്താവിനെ ഭയപ്പെടുന്നവരെല്ലാം ഇപ്രകാരം അനുഗൃഹീതരാകും. / ജീവിതത്തിന്റെ ഓരോ ദിവസവും / കർത്താവ് സെഹിയോനിൽനിന്ന് നിന്നെ അനുഗ്രഹിക്കുമാറാകട്ടെ.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി

**സമൂ:** ആദിമുതൽ എന്നേക്കും ആമ്മേൻ.

**കാർമ്മി:** (കാനോനാ) ഞങ്ങളുടെ രക്ഷകന്റെ മണവാട്ടിയായ സഭയെ, നീ സന്തോഷിക്കുക. / നിത്യനായ ദൈവം തന്റെ സ്നേഹം മൂലം / നിന്നെ തന്റെ മണവാട്ടിയായി തിരഞ്ഞെടുത്തു.

**ശുശ്രൂ:** സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു നല്കിയിട്ടുള്ളതും എന്നാൽ കൃതജ്ഞത പ്രകാശിപ്പിക്കുവാൻ ഞങ്ങൾക്കു കഴിയാത്തതുമായ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടിനില്ക്കുന്ന സഭയിൽ ഞങ്ങൾ

അങ്ങയെ നിരന്തരം സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങു സകലത്തിൻെറയും നാഥനും സൃഷ്ടാവുമാകുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ.

**സമൂ:** സർവാധിപനാം കർത്താവേ,
നിന്നെ വണങ്ങി നമിക്കുന്നു.
ഈശോനാഥാ, വിനയമോടെ
നിന്നെ നമിച്ചു പുകഴ്ത്തുന്നു.

മർത്യനു നിത്യമഹോന്നതമാ-
മുത്ഥാനം നീയരുളുന്നു
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** എൻെറ കർത്താവേ, നീ സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയർപ്പിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനും ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. ഞങ്ങൾ എപ്പോഴും നിനക്കു സ്തുതിയും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുവാൻ കടപ്പെട്ടവരാകുന്നു. സകലത്തിൻെറയും നാഥാ എന്നേക്കും.

**സമൂ:** ആമ്മേൻ.

ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പാടിടുവിൻ
എന്നെന്നും ജീവിക്കും
സർവ്വേശ്വരനേ വാഴ്ത്തിടുവിൻ.

പരിപാവനനാം സർവ്വേശാ
പരിപാവനനാം ബലവാനേ,
പരിപാവനനാം അമർത്യനേ,
നിൻകൃപ ഞങ്ങൾക്കേകണമേ.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്യനുമായ കർത്താവേ, അങ്ങയുടെ സ്വഭാവത്തിനൊത്തവിധം എപ്പോഴും ഞങ്ങളെ കടാക്ഷിക്കുകയും അനുഗ്രഹിക്കുകയും ഞങ്ങളോടു കരുണ കാണിക്കുകയും ചെയ്യണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.



**കാർമ്മി:** *(സാക്ഷികളോട്)* നിങ്ങൾ ഈ വിവാഹ ഉടമ്പടിക്ക് സാക്ഷികളാണല്ലോ?

**സാക്ഷികൾ:** അതെ

**കാർമ്മി:** (വധൂവർന്മാരോട്) നിങ്ങൾ തമ്മിലുള്ള ഈ ഉടമ്പടിയുടെ അടയാളമായി പരസ്പരം വലത്തുകരം ചേർത്തുപിടിക്കുവിൻ.

*(വധൂവരന്മാർ പരസ്പരം വലത്തുകരം ചേർത്തുപിടിക്കുമ്പോൾ കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചോല്ലി ആശീർവ്വദി ക്കുന്നു).*

**കാർമ്മി:** അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവം നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ. സ്നേഹത്തോടും മനസ്സിൻെറ ഐക്യത്തോടുംകൂടി കുടുംബജീവിതം നയിക്കുവാൻ നമ്മുടെ കർത്താവായ ഈശോമിശിഹാ നിങ്ങളെ വിവാഹത്തിൽ ബന്ധിക്കുമാറാകട്ടെ. പിതാവിൻെറയും പുത്രൻെറയും + പരിശുദ്ധാത്മാവിൻെറയും നാമത്തിൽ, എന്നേക്കും.

**സമൂ:** ആമ്മേൻ.

*(ദമ്പതിമാർ ചേർത്തുപിടിച്ചിരിക്കുന്ന കൈകളിൽ കാർമ്മികൻ വിശുദ്ധജലം തളിക്കുന്നു).*

## താലി വെഞ്ചരിപ്പ്

**കാർമ്മി:** കുരിശുമരണംവഴി തിരുസഭയെ വധുവായി സ്വീകരിച്ച കർത്താവേ, വിശ്വാസത്തിലും സ്നേഹത്തിലും വധൂവരന്മാരെ ഒന്നിപ്പിക്കുന്ന ഈ താലി ദയാപൂർവ്വം + ആശീർവ്വദിക്കേണമേ. ഐക്യത്തിൻെറ പ്രതീകമായ ഈ താലി അഭേദ്യമായ സ്നേഹത്തിലും പൂർണമായ വിശ്വസ്തതയിലും ഇവരെ ബന്ധിക്കുമാറാകട്ടെ. ജീവിതത്തിലുണ്ടാകുന്ന ക്ലേശങ്ങൾ സന്തോഷപൂർവ്വം സഹിക്കുവാനും നിൻെറ എഷ്ടമനുസരിച്ച് പരിശുദ്ധരായി ജീവിക്കുവാനും ഇതിൽ മുദ്രിതമായിരിക്കുന്ന കുരിശ് ഇവർക്ക് ശക്തി നൽകട്ടെ. ഇത് ഇവരുടെ വിശ്വസ്തതയുടെ അടയാളമായിരിക്കുകയും ചെയ്യട്ടെ.

**സമൂ:** ആമ്മേൻ.

*(കാർമ്മികൻ താലിയിൽ വിശുദ്ധജലം തളിക്കുന്നു).*

***പിതാവിനും പുത്രനും പരിശുദ്ധാതാവിനും സ്തുതി***
***ആദിമുതൽ എന്നേക്കും ആമ്മേൻ***

സ്നേഹം ചൊരിയും കർത്താവിൻ
അപദാനങ്ങൾ വാഴ്ത്തീടാം
തുണയായ് ഇണയെ നല്കുകയാൽ
മാനവ സ്നേഹം സുരഭിലമായ്.

അവിടുന്നരുളീ തിരുവചനം
ഏകത മർത്യനു നന്നല്ല
ആദം ഹൗവ്വാ ദമ്പതികൾ
മാനവവംശ പിതാക്കന്മാർ.

നിൻകൃപയാലെ കർത്താവേ
ജഡികാസക്തി വെടിഞ്ഞീടാം
നിർമ്മലമായൊരു സ്നേഹത്താൽ
ജീവിതസഖിയെ വരിച്ചീടം.

അവിടുന്നേകിയ തുണയെ ഞാൻ
ഹൃദയതലത്തിൽ വരവേൽക്കാം
ജീവിതകാലം മുഴുവൻ ഞാൻ
ഒരുമയോടെന്നും മേവീടാം.

## വിവാഹ ഉടമ്പടി

**കാർമ്മി:** *(വരൻെറ പേരുവിളിച്ച്)* മിശിഹായുടെ നിയമവും തിരുസഭ യുടെ നടപടിയുമനുസരിച്ച് സ്വതന്ത്രമായ മനസ്സോടും പൂർണ്ണമായ സമ്മതത്തോടുംകൂടി *(വധുവിൻെറ പേര്)* യെ നിൻെറ ഭാര്യയായി സ്വീകരി ക്കുന്നുവോ?

**വരൻ:** ഞാൻ സ്വീകരിക്കുന്നു.

**കാർമ്മി:** *(വധുവിൻെറ പേരുവിളിച്ച്)* മിശിഹായുടെ നിയമവും തിരുസഭയുടെ നടപടിയുമനുസരിച്ച് സ്വതന്ത്രമായ മനസ്സോടും പൂർണ്ണ മായ സമ്മതത്തോടുംകൂടി *(വരൻെറ പേര്)* നെ നിൻെറ ഭർത്താവായി സ്വീകരി ക്കുന്നുവോ?

**വധു:** ഞാൻ സ്വീകരിക്കുന്നു.



**സമൂ:** ആമ്മേൻ.

*(ഓന്നാം വായനക്കാരൻ കാർമ്മികൻെറ വലത്തുവശത്തു ചെന്ന് ശിരസ്സു നമിക്കുന്നു. ജനങ്ങളുടെ നേരെ തിരിഞ്ഞ് പറയുന്നു).*

**ശുശ്രൂ:** സഹോദരരെ, നിങ്ങൾ ഇരുന്നു ശ്രദ്ധയോടെ കേൾക്കുവിൻ.
*(എല്ലാവരും ഇരിക്കുന്നു).*

**ശുശ്രൂ:** പ്രഭാഷകൻെറ പുസ്തകത്തിൽ നിന്നുള്ള വായന. (26: 1–14, 13–17)

**ശുശ്രൂ:** ഉത്തമയായ ഭാര്യയുള്ളവൻ ഭാഗ്യവാൻ; അവൻെറ ആയുസ്സ് ഇരട്ടിക്കും. വിശ്വസ്തയായ ഭാര്യ ഭർത്താവിനെ സന്തോഷിപ്പിക്കുന്നു; അവൻ സമധാനത്തോടെ ആയുസ്സു തികയ്ക്കും. ഉത്തമയായ ഭാര്യ മഹത്തായ അനുഗ്രഹമാണ്; കർത്താവിനെ ഭയപ്പെടുന്നവർക്കു ലഭിക്കുന്ന ദാനങ്ങളിൽ ഒന്നാണ് അവൾ. ധനവാനോ ദരിദ്രനോ ആകട്ടെ, അവൻെറ ഹൃദയം സന്തുഷ്ടവും അവൻെറ മുഖം സദാ പ്രസന്നവുമായിരിക്കും. ഭാര്യയുടെ വശ്യത ഭർത്താവിനെ പ്രമോദിപ്പിക്കുന്നു; അവളുടെ വൈഭവം അവനെ പുഷ്ടിപ്പെടുത്തുന്നു. മിതഭാഷിണിയായ ഭാര്യ കർത്താവിൻെറ ദാനമാണ്. സുശിക്ഷിതമായ ഹൃദയത്തെപ്പോലെ അമൂല്യമായി മറ്റൊന്നില്ല. ശാലീനത ഭാര്യയുടെ സൗഷ്ഠവം അതീവ വർദ്ധനമാക്കുന്നു. നിർമ്മലമായ ഹൃദയത്തിൻെറ മൂല്യം നിർണ്ണയാതീതമാണ്. കർത്താവിൻെറ ഉന്നതങ്ങളിൽ ഉദിക്കുന്ന സൂര്യനെപ്പോലെയാണ് ചിട്ടയുള്ള കുടുംബത്തിൽ ഉത്തമയായ ഭാര്യയുടെ സൗന്ദര്യം. വിശുദ്ധമായ തണ്ടിൽ പ്രശോഭിക്കുന്ന ദീപം പോലെയാണ് സുഭഗമായ ശരീരത്തിൽ മനോഹരമായ മുഖം.

**സമൂ:** ദൈവമായ കർത്താവിനു സ്തുതി.

**ശുശ്രൂ:** പ്രകീർത്തനം ആലപിക്കുവാനായി നിങ്ങൾ എഴുന്നേല്ക്കുവിൻ.

*(എല്ലാവരും എഴുന്നേല്ക്കുന്നു).*

**കാർമ്മി:** അംബരമനവരതം
ദൈവമഹത്വത്തെ
വാഴ്ത്തിപ്പാടുന്നു.

**സമൂ:** ദിവ്യാത്മാവിൻ ഗീതികളാൽ
ഹല്ലേലുയ്യാ ഗീതികളാൽ
കർത്താവിൻ തിരു നാമത്തിൻ
നിർമ്മലമാകുമനുസ്മരണം
കോണ്ടടാം ഇന്നീ വേദികയിൽ.

**കാർമ്മി:** തൻകരവിരുതല്ലോ
വാനവിതാനങ്ങൾ
ഉദ്ഘോഷിക്കുന്നു.

**സമൂ:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** പകലുകൾ പകലുകളോ-
ടവിരതമവിടുത്തെ
പുകളുര ചെയ്യുന്നു.

**സമൂ:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** നിത്യപിതാവിനും
സുതനും റൂഹായ്ക്കും
സ്തുതിയുണ്ടാകട്ടെ.

**സമൂ:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**കാർമ്മി:** ആദിയിലെപ്പോലെ
ഇപ്പോഴുമെപ്പോഴും
എന്നേക്കും ആമ്മേൻ.

**സമൂ:** ദിവ്യാത്മാവിൻ ഗീതികളാൽ ...

**ശുശ്രൂ:** ഹല്ലേലുയ്യാ, ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

**ശുശ്രൂ:** നമുക്കു പ്രാർഥിക്കാം. സമാധാനം നമ്മോടുകൂടെ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ ജീവദായകവും ദൈവികവുമായ കല്പനകളുടെ മധുരസ്വരം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ. അതുവഴി ആത്മശരീരങ്ങൾക്ക് ഉപകരിക്കുന്ന സ്നേഹവും ശരണവും രക്ഷയും ഞങ്ങളിൽ ഫലമണിയുന്നതിനും നിരന്തരം ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നതിനും അങ്ങയുടെ കാരുണ്യത്താലും അനുഗ്രഹത്താലും ഞങ്ങളെ സഹായിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ എന്നേക്കും.

**സമൂ:** ആമ്മേൻ.

*(ശുശ്രൂഷി കാർമ്മികന്റെ ഇടത്തുവശത്തു ചെന്ന്)*

**ശുശ്രൂ:** സഹോദരരേ, വിശുദ്ധ പൗലോസ് ശ്ലീഹാ എഫേസ്യർക്കെഴുതിയ ലേഖനം. (5:20-33)



പരികർമ്മം ചെയ്യുന്നതിന് പുരോഹിതൻ തനിക്കുവേണ്ടിത്തന്നെ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. നമുക്കെല്ലാവർക്കും ഭക്തിയോടും ശ്രദ്ധയോടുംകൂടി മൗനമായി പ്രാർത്ഥിക്കാം.

**കാർമ്മി:** ആദിയിൽ പുരുഷന് ജീവിത സഖിയേ നല്കിയ ദൈവമേ, അങ്ങയുടെ അനന്ത പരിപാലനയെ ഞങ്ങൾ വാഴ്ത്തുന്നു. ഭാര്യഭർത്താക്കന്മാരാകാൻ ആഗ്രഹിക്കുന്ന ഇവരെ സ്നേഹത്തിൽ ബന്ധിപ്പിക്കുന്ന ഈ കൂദാശ യോഗ്യതയോടെ പരികർമ്മം ചെയ്യുവാൻ അങ്ങയുടെ ഈ ദാസനെ ശക്തനാക്കണമേ. അങ്ങയുടെ കൃപാവരം സമൃദ്ധമായി എന്നിൽ ചൊരിയണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ

**ഗായകർ:** ***ആഹ്ലാദത്തോടെ കർത്താവിനെ സ്തുതിക്കുവിൻ***

ആനന്ദിക്കുക പ്രിയ പുത്രീ
ആത്മവിഭൂഷിത മണവാട്ടീ
നിന്നെയിതാ തിരുമണവാളൻ
മണവറയിങ്കൽ നയിച്ചല്ലോ.

തൻതിരു രക്തശരീരങ്ങൾ
സ്ത്രീധനമായി നിനക്കേകി
നിന്നെ ലഭിക്കാൻ സ്വയമേവം
കുരിശിൽ പാവന ബലിയായി.

ആത്മവിശുദ്ധി പകർന്നീടാൻ
നിന്നിൽ തൻകൃപ വർഷിക്കും
നിൻപ്രിയസുതരെ വളർത്താനായ്
ഹൃദയാനന്ദം നല്കുമവൻ.

ആഹ്ലാദിക്കാം സോദരരേ
നവദമ്പതിമാരൊപ്പം നാം
ഉച്ചസ്വരത്തിൽ വാഴ്ത്തീടാം
മിശിഹാനാഥനു സ്തുതിഗീതം

***അവൻ നിന്റെ നാഥനാണ് അവനെ വണങ്ങുക.***

ആനന്ദിക്കുക പ്രിയ പുത്രീ ...

**ശുശ്രൂ:** ദൈവവചനമാകുന്ന ആത്മീയ വിരുന്നിനായി സകലരേയും ക്ഷണിക്കുന്ന മിശിഹായേ, നിൻെറ പ്രമാണങ്ങൾ അനുസരിച്ച് മാതൃകാപരമായ കുടുംബ ജീവിതം നയിച്ച് സ്വർഗീയവിരുന്നിൽ പങ്കുകാരാകുവാൻ,

**സമൂ:** കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂ:** വിവാഹ ബന്ധത്തിൻെറ അഭേദ്യതയെപ്പറ്റി പഠിപ്പിച്ച മിശിഹായേ, പരസ്പര വിശ്വസ്തതയോടും ചാരിത്രശുദ്ധിയോടുംകൂടി സന്തോഷപ്രദമായ ദാമ്പത്യജീവിതം നയിക്കുവാൻ,

**സമൂ:** കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂ:** കാനായിലെ കല്ല്യാണവിരുന്നിൽവച്ച് തൻെറ സാന്നിദ്ധ്യത്താൽ വധൂവരന്മാരെ അനുഗ്രഹിച്ച മിശിഹായേ, നിൻെറ സഹായത്തിൽ ആശ്രയിച്ചും ദിവ്യസാന്നിദ്ധ്യം അനുഭവിച്ചും പ്രാർത്ഥനാനിരതരായി ജീവിക്കുവാൻ,

**സമൂ:** കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂ:** നമുക്കെല്ലാവർക്കും നമ്മെയും നാമോരോരുത്തരെയും പിതാവിനും പുത്രനും പരിശുദ്ധാതാവിനും സമർപ്പിക്കാം.

**സമൂ:** ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങേക്കു ഞങ്ങൾ സമർപ്പിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഈ വധൂവരന്മാർ സന്തോഷത്തോടും പ്രതീക്ഷയോടുംകൂടി ആരംഭിച്ചിരിക്കുന്ന കുടുംബജീവിതം വിജയകരമായി നയിക്കുവാൻ ഇവരെ അനുഗ്രഹിക്കണമേ. അങ്ങയുടെ ശാന്തിയും സമാധാനവും ഇവരിൽ നിറയ്ക്കുകയും അങ്ങയുടെ ദാസർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യകിരിടം നേടുവാൻ ഇവരെ അർഹരാക്കുകയും കെയ്യണമേ. അങ്ങയുടെ സ്നേഹത്തിൽ ഇവരെ വളർത്തിയ മാതാപിതാക്കളെയും കുടുംബാംഗങ്ങളെയും ഈ തിരുക്കർമ്മത്തിൽ പങ്കെടുക്കുന്ന ഞങ്ങളേവരേയും അനുഗ്രഹിക്ക്ണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും.

**സമൂ:** ആമ്മേൻ

**ശുശ്രൂ:** പ്രിയ സഹോദരരേ, ഈ വധൂവരന്മാർ വിവാഹമെന്ന കൂദാശയാൽ ബന്ധിതരാകാൻ പോകുന്നു. ഈ കൂദാശ യോഗ്യതയോടെ



*(കാർമ്മികനു നേരെ തിരിഞ്ഞ് തലകുനിച്ച്)*

**ശുശ്രൂ:** ഗുരോ, ആശീർവ്വദിക്കണമേ.

**കാർമ്മി:** മിശിഹാ നിന്നെ + അനുഗ്രഹിക്കട്ടെ.

*(ശുശ്രൂഷി ജനങ്ങൾക്കു നേരെ തിരിഞ്ഞു വായിക്കുന്നു).*

**ശുശ്രൂ:** എപ്പോഴും എല്ലാറ്റിനുംവേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിക്കുവിൻ. ക്രിസ്തുവിനോടുള്ള ബഹുമാനത്തെപ്രതി നിങ്ങൾ പരസ്പരം വിധേയരായിരിക്കുവിൻ. ഭാര്യമാരേ നിങ്ങൾ കർത്താവിനെ എന്നപോലെ, ഭർത്താക്കന്മാർക്കു വിധേയരായിരിക്കുവിൻ. എന്തെന്നാൽ, ക്രിസ്തു തൻെറ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവു ഭാര്യയുടെ ശിരസ്സാണ്; ക്രിസ്തുതന്നെയാണ് ശരീരത്തിൻെറ രക്ഷകനും. സഭ ക്രിസ്തുവിനു വിധേയ ആയിരിക്കുന്നതു പോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കന്മാർക്കു വിധേയരായിരിക്കണം. ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കുവാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന്, ജലം കോണ്ടു കഴുകി വചനത്താൽ വെണ്മയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്വപൂർണ്ണയായി തനിക്കുതന്നെ പ്രതിഷ്ടിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്. അതുപോലെതന്നെ, ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്നപോലെ സ്നേഹിക്കണം. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണു സ്നേഹിക്കുന്നത്. ആരും ഒരിക്കലും സ്വന്തം ശരീരത്തെ വെറുക്കുകയില്ലല്ലോ. ക്രിസ്തു സഭയെ എന്നപോലെ അവൻ അതിനെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു. എന്തെന്നാൽ നാം അവൻെറ ശരീരത്തിൻെറ അവയവങ്ങളാണ്. ഇക്കരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ടു ഭാര്യയോടു ചേരും. അവർ രണ്ടുപേരും ഒന്നാവുകയും ചെയ്യും. ഇത് ഒരു വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാൻ ഇതു പറയുന്നത്. ചുരുക്കത്തിൽ, നിങ്ങളിലോരോ വ്യക്തിയും തന്നെപ്പോലെ തന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**ശുശ്രൂ:** ഹല്ലേലുയ്യാ (3)

(രണ്ടു ഗണമായി ആലപിക്കുന്നു).

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ

നല്ലോരാശയമെൻ മനതാരിൽ
വന്നു നിറഞ്ഞു തുളുമ്പീടുന്നു.

രാജാവിൻ തിരുമുമ്പിൽ കീർത്തന
മധുവായ് ഞാനതൊഴുക്കീടട്ടെ.

ഏറ്റമനുഗ്രഹ പൂരിതനാം കവി
തൻ തൂലികപോലെൻ നാവിപ്പോൾ.

താതനുമതുപോൽ സുതനും
പരിശുദ്ധാത്മാവിനും സ്തുതിയുയരട്ടെ.

ആദിമുതൽക്കേയിന്നും നിത്യവു
മായി ഭവിച്ചീടട്ടെ, ആമ്മേൻ.

ഹല്ലേലുയ്യാ പാടീടുന്നേൻ
ഹല്ലേലുയ്യാ, ഹല്ലേലുയ്യാ.

*(കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചോല്ലുന്നു).*

**കാർമ്മി:** പിതാവിൻെറ മഹത്ത്വത്തിൻെറ തേജസ്സും അവിടുത്തെ പ്രതിരൂപവുമായ മിശിഹായേ, മനുഷ്യശരീരത്തോടെ പ്രത്യക്ഷപ്പെടുകയും ഞങ്ങളുടെ ഇരുളടഞ്ഞ ബുദ്ധിയെ സുവിശേഷത്തിൻെറ വെളിച്ചത്താൽ പ്രകാശിപ്പിക്കുകയുംചെയ്ത നിനക്ക് ഞങ്ങൾ എപ്പോഴും ആരാധനയും സ്തുതിയും കൃതജ്ഞതയും സമർപ്പിക്കുന്നു. സകലത്തിൻെറയും നാഥാ, എന്നേക്കും. ആമ്മേൻ.

*(കാർമ്മികൻ സുവിശേഷഗ്രന്ഥമെടുത്തുകോണ്ട്)*

**കാർമ്മി:** ലോകത്തിൻെറ പ്രകാശവും സകലത്തിൻെറയും ജീവനുമായ മിശിഹായെ, നിന്നെ ഞങ്ങളുടെ പക്കലേക്കയച്ച അനന്തകാരുണ്യത്തിന് എന്നേക്കും സ്തുതി. ആമ്മേൻ.

*(കാർമ്മികൻ പ്രദക്ഷിണമായി വചനവേദിയിലെക്കു പോകുമ്പോൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു).*

**കാർമ്മി:** കർത്താവായ മിശിഹായെ, നിൻെറ നിയമത്തിൽ ഞങ്ങളെ ജ്ഞാനി കളാക്കണമേ. നിൻെറ ജ്ഞാനത്താൽ ഞങ്ങളുടെ മനസ്സിനെ ജ്വലിപ്പിക്ക ണമേ. നിൻെറ സത്യത്താൽ ഞങ്ങളുടെ ആത്മാക്കളെ വിശുദ്ധീകരിക്കണമേ. അങ്ങനെ ഞങ്ങൾ എപ്പോഴും നിൻെറ വചനങ്ങൾ പാലിക്കുന്നവരും കല്പനകൾ അനുസരിക്കുന്നവരുമാകട്ടെ. സകലത്തിൻെറയും നഥാ, എന്നേ ക്കും. ആമ്മേൻ.



**ശുശ്രൂ:** നമുക്ക് ശ്രദ്ധാപൂർവ്വം നിന്നു പരിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** സമാധാനം + നിങ്ങളോടുകൂടെ.

**സമൂ:** അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ.

**കാർമ്മി:** വിശുദ്ധ മർക്കോസ് അറിയിച്ച നമ്മുടെ കർത്താവീശോ മിശിഹായുടെ പരിശുദ്ധ സുവിശേഷം. (10:2–9)

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**കാർമ്മി:** ഫരിസേയർ വന്ന് യേശുവിനെ പരീക്ഷിച്ചുകോണ്ടു ചോദിച്ചു: ഭാര്യയെ ഉപേക്ഷിക്കുന്നത് നിയമാനുസൃതമാണോ? അവൻ മറുപടി പറഞ്ഞു: മോശ എന്തണ് നിങ്ങളോടു കല്പിച്ചത്? അവർ പറഞ്ഞു: ഉപേക്ഷാപത്രം കൊടുത്ത് അവളെ ഉപേക്ഷിക്കാൻ മോശ അനുവദിച്ചിട്ടുണ്ട്. യേശു പറഞ്ഞു: നിങ്ങളുടെ ഹൃദയകാഠിന്യം കൊണ്ടാണ് മോശ ഈ നിയമം നിങ്ങൾക്കുവേണ്ടി എഴുതിയത്. എന്നാൽ, സൃഷ്ടിയുടെ ആരംഭം മുതലേ ദൈവം അവരെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. ഇക്കാരണത്താൽ, പുരുഷൻ പിതാവിനെയും മാതാവിനെയും വിടുകയും അവർ ഇരുവരും ഒരു ശരീരമായിത്തീരുകയും ചെയ്യും. പിന്നീടൊരിക്കലും അവർ രണ്ടല്ല, ഒറ്റശരീരമായിരിക്കും. അതിനാൽ, ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

**പ്രസംഗം**

**കാറോസൂസ**

**ശുശ്രൂ:** നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടുംകൂടെ, വിവാഹമെന്ന കൂദാശവഴി ബന്ധിതരാകുന്ന ഇവർക്കുവേണ്ടി 'കർത്താ വേ ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ' എന്നു പ്രാർത്ഥിക്കാം.

**സമൂ:** കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.

**ശുശ്രൂ:** നിൻെറ മണവാട്ടിയായ സഭയ്ക്കുവേണ്ടി, സ്വജീവൻ അർപ്പിച്ച സ്വർഗീയമണവാളാ, പരസ്പര സ്നേഹത്തിലും ഐക്യത്തിലും ത്യാഗ പൂർണ്ണമായ ജീവിതം നയിക്കുവാൻ,

**സമൂ:** കർത്താവേ, ഈ ദമ്പതിമാരുടെമേൽ കൃപയുണ്ടാകണമേ.